# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2850 14.02.2013-ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റ് വനമേഖലകളെ കേന്ദ്രീകരിച്ച് നേച്ചർ ഗൈഡ് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, വി. ഡി. സതീശൻ<br>,, ലൂഡി ലൂയിസ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസ്റ്റ് വനപ്രദേശങ്ങളെ കേന്ദ്രീകരിച്ച് നേച്ചർ ഗൈഡ് ട്രെയിനിംഗ് നടത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള സർക്കാരിന്റെ തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടിയുടെ ഭാഗമായി 50 ദിവസം നീണ്ടു നിൽക്കുന്ന നേച്ചർ ഗൈഡ് സൗജന്യ പരിശീലനം ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി/വി.എസ്.എസ് അംഗങ്ങൾക്ക് കൊടുക്കാൻ നിർദ്ദേശമുണ്ട്. ഈ പരിപാടി അതാത് ഇക്കോടൂറിസം കേന്ദ്രങ്ങളിലാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിനു പുറമേ G.O (Rt) No. 370/12/TSM dated 12.1.12 എന്ന ഉത്തരവു പ്രകാരം ഡയറക്ടറേറ്റ് ഓഫ് ഇക്കോ ടൂറിസത്തിന്റെ നിർദ്ദേശ പ്രകാരം കിറ്റ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) നാച്ചുറലിസ്റ്റ്/ ഇന്റർ പ്രിട്ടേഴ്സ് എന്ന കോഴ്സ് 2012 ഏപ്രിൽ മുതൽ 2012 ജൂൺ വരെ കിറ്റ്സിന്റെ എറണാകുളം സ്റ്റഡി സെന്ററിൽ നടത്തി. ഈ പ്രോഗ്രാമിൽ പങ്കെടുത്ത ഡയറക്ടറേറ്റ് ഓഫ് ഇക്കോ ടൂറിസം വഴി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം, പെരിയാർ ടൈഗർ റിസോർട്ട്, ഇരവികുളം നാഷണൽ പാർക്ക്, സെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം, പറമ്പിക്കുളം വന്യജീവി |

സംരക്ഷണ കേന്ദ്രം, ആതിരപ്പള്ളി, തട്ടേക്കാട് പക്ഷി സങ്കേതം, വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം എന്നീ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇ.ഡി.സി/ വി.എസ്.എസ്സിൽ അംഗത്വം വഹിക്കുന്നവരാണ്.

(ബി) പ്രസ്തുത ട്രെയിനിംഗിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ പ്രോഗ്രാമിലൂടെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് ഇക്കോ ടൂറിസം, വിസിറ്റർ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, ഗൈഡിംഗ് സ്കിൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുകയും കൂടാതെ പ്രാദേശിക സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള അറിവ് നൽകാനും ഇത് വിനോദ സഞ്ചാരികൾക്ക് പകർന്ന് നൽകുക എന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

(സി) പ്രസ്തുത പരിപാടിക്ക് കേന്ദ്ര ഗവൺമെന്റിന്റെ എന്തെല്ലാം ധനസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പരിപാടിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

(ഡി) പരിശീലനത്തിനുള്ള അംഗങ്ങളെ നൽകുന്നതിന് വേണ്ടി ഇ.ഡി.സി/ വി.എസ്.എസ്സിൽ അംഗങ്ങളായിട്ടുള്ള വന്യജീവി സംരക്ഷണ മേഖലകളിലെ വൈൽഡ് ലൈഫ് ഗാർഡുകൾക്ക് അറിയിപ്പ് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ